**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2492** **04-03-2025 - ൽ മറുപടിയ്ക്ക്**

**സംരംഭങ്ങളുടെ കണക്ക് തിട്ടപ്പെടുത്താൻ ഇന്റേൺസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത്, ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, ഡോ. മാത്യ കുഴൽനാടൻ, ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. പി. രാജീവ് (നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ തുടങ്ങിയ സംരംഭങ്ങളുടെ കണക്ക് തിട്ടപ്പെടുത്താൻ ഇന്റേൺസിനെ നിയമിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ; | (എ) | 2022-23 സംരംഭക വർഷമായി കേരള സർക്കാർ പ്രഖ്യാപിച്ചിരുന്നു. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതിയായിരുന്നു സർക്കാർ രൂപീകരിച്ചത്. വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവ വാഗ്ദാനം ചെയ്യുന്ന സേവനങ്ങൾ പ്രയോജനപ്പെടുത്തി സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന സംരംഭകരെ കണ്ടെത്തുകയും അവർക്കു വേണ്ട സഹായങ്ങൾ നല്കുന്നതിനുമായി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലുമായി 1153 പ്രൊഫഷണലുകളെ എന്റർ പ്രൈസ് ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവ് (EDE)-കളായി കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. |
| (ബി) | ഇവരെ എപ്രകാരമാണ് നിയമിച്ചതെന്നും നിയമന മാനദണ്ഡം എന്താണെന്നും അറിയിക്കുമോ; | (ബി) | സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് വഴി വിജ്ഞാപനം പുറപ്പെടുവിച്ച എഴുത്ത് പരീക്ഷയും ഇന്റർവ്യൂവും നടത്തി ജില്ലാ തലത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി മുൻഗണനാക്രമം അനുസരിച്ചാണ് എന്റർ പ്രൈസ് ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവുകളുടെ നിയമനം നടത്തിയിട്ടുള്ളത്. അംഗീകൃത സർവകലാശാലയിൽ/ സ്ഥാപനത്തിൽ നിന്നുള്ള എഞ്ചിനീയറിംഗ്/ എം.ബി.എ യോഗ്യത ഉള്ളവരെ യാണ് നിയമനത്തിനായി ക്ഷണിച്ചിരുന്നത്. |
| (സി) | ഇത്തരത്തിൽ ഇന്റേൺസിനെ നിയോഗിച്ച തിട്ടപ്പെടുത്തുന്ന കണക്കിന്റെ ആധികാരികത വ്യക്തമാക്കാമോ? | (സി) | സംരംഭകവർഷവുമായി ബന്ധപ്പെട്ട് 2022-23 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള വിവിധ സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും |

| | | | | |
|---|---|---|---|---|
| | | | | www.yearofenterprises.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ നിലവിലുണ്ട്. ഇതുപ്രകാരം 2022-23 സാമ്പത്തിക വർഷം മുതൽ 01.03.2025 വരെ ആകെ 346,367 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.<br><br>സംരംഭക വർഷം പദ്ധതിയുമായി ബന്ധപ്പെട്ട് സംരംഭക ഏക്കോസിസ്റ്റം മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഒരു ഭാഗമാണ് ഫീൽഡ് തലത്തിൽ നിയമിച്ചിട്ടുള്ള എന്റർപ്രൈസ് ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവുകൾ. ഈ ഉദ്യോഗസ്ഥർ മുഖേനയാണ് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും വിവിധ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള കൈത്താങ്ങ് സഹായങ്ങൾ നല്കിവരുന്നതും സംരംഭങ്ങളുടെ വിവരങ്ങൾ പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതും.<br><br>സംസ്ഥാന തലത്തിൽ സംരംഭകരുടെ ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളുടെ സഹായത്തോടെ തുടങ്ങിയ സംരംഭങ്ങൾ കൂടി ഉൾപ്പെടുന്നതാണ് ഈ കണക്ക്. സംരംഭകരുടെ പ്രൊമോഷൻ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളുടെ ഏകോപനം സാധ്യമാക്കി എന്നുള്ളതാണ് സംരംഭക വർഷം പദ്ധതിയുടെ ഏറ്റവും മികച്ച ഗുണഫലം. ഓരോ സാമ്പത്തിക വർഷവും ആരംഭിച്ച സംരംഭങ്ങളുടെ സുസ്ഥിരത പരിശോധിക്കുന്നതിനുള്ള സർവേയും ഇതോടനുബന്ധിച്ച് നടക്കുന്നുണ്ട്. ഈ സർവേയുടെ ഭാഗമായി ഒരോ സംരംഭത്തിന്റെയും ജിയോ കോർഡിനേറ്റുകൾ ഉൾപ്പെടെയുള്ള ഫോട്ടോയും പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്നുണ്ട്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും സർക്കാർ സംരംഭകസഭ സംഘടിപ്പിച്ചു. സംരംഭകരാകെ ഒത്തുചേരുന്ന വേദിയായിരുന്നു.<br><br>സംരംഭകവർഷം പദ്ധതിയിൽ മണ്ഡലത്തിൽ നേതൃത്വം നൽകുന്നത് അതാതു എം.എൽ.എ മാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രസിഡന്റ്/ മേയർ/ചെയർമാൻമാരുമാണ്. |

സെക്ഷൻ ഓഫീസർ